"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - ഇടുക്കി ജില്ലയിലെ മീൻമുട്ടി എം.എം.യു.പി.എസ്-ലെ എൽ.ജി. ഹിന്ദി (ഫുൾ ടൈം) അധ്യാപികയായ ശ്രീമതി.ഷൈനി തോമസ്, ഫയൽ ചെയ്ത റിട്ട് ഹർജി നം.1584/2025 മേലുള്ള ബഹു.ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.826/2026/GEDN തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:-

1. ഇടുക്കി, മീൻമുട്ടി എം.എം.യു.പി.എസ്-ലെ എൽ.ജി. ഹിന്ദി (ഫുൾ ടൈം) അധ്യാപികയായ ശ്രീമതി.ഷൈനി തോമസ്, ഫയൽ ചെയ്ത റിട്ട് ഹർജി നം.1584/2025 മേലുള്ള ബഹു.ഹൈക്കോടതിയുടെ 22.01.2025-ലെ വിധിന്യായം.
2. തൊടുപുഴ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 09/04/2025-ലെ സി/45/2025/എ.ഇ.ഒ നമ്പർ കത്ത്.
3. തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/04/2025-ലെ DEOTDP/88/2025-B1 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/04/2025-ലെ എഫ്(4)5590/2025/ഡി.ജി.ഇ നമ്പർ കത്ത്.
5. മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 19/04/2025-ലെ B1/696/2025/DEOMUPA നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ മീൻമുട്ടി എം.എം.യു.പി.എസ് -ലെ എൽ.ജി. ഹിന്ദി (ഫുൾ ടൈം) അധ്യാപികയായ ശ്രീമതി.ഷൈനി തോമസ്, ഫയൽ ചെയ്ത റിട്ട് ഹർജി നം.1584/2025 മേലുള്ള ബഹു.ഹൈക്കോടതിയുടെ പരാമർശം (1) വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുൻപാകെ സമർപ്പിച്ചിരിക്കുന്ന Ext.P17 റിവിഷൻ ഹർജി പരിഗണിച്ച് ഹർജിക്കാരിയെയും മറ്റ് ബന്ധപ്പെട്ടവരെയും നേരിൽ കേട്ട് വിധിന്യായം കൈപ്പറ്റി നാല് മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സർക്കാരിനോട് നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ പ്രതിനിധിയെയും മറ്റ് ബന്ധപ്പെട്ടവരെയും 22.04.2025 ന് ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

2) **നേരിൽ കേട്ട വേളയിൽ ഹർജിക്കാരി ചുവടെ ചേർക്കും പ്രകാരം വാദിച്ചു.**

കോതമംഗലം രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഉടമസ്ഥതയിലുള്ള, തൊടുപുഴ അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസറുടെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന ഒരു എയ്ഡഡ് സ്കൂളാണ് ഇടുക്കി ജില്ലയിലെ മീൻമുട്ടി എംഎം യുപിഎസ്. ഹർജിക്കാരി 1989-ൽ മഹാത്മാഗാന്ധി സർവകലാശാലയിൽ ഹിന്ദിയിൽ ബി.എ. ബിരുദവും, 1991 ൽ കേരള സർവകലാശാലയിൽ നിന്ന് ഹിന്ദിയിൽ എം.എ. ബിരുദവും, 1993-ൽ ദക്ഷിണ ഭാരത് ഹിന്ദി പ്രചാർ സഭയിൽ നിന്ന് ഹിന്ദിയിൽ ബി.എഡ് ബിരുദവും നേടിയിട്ടുണ്ട്.കോതമംഗലം രൂപതയുടെ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ 14-06-2001 ലെ നിയമന ഉത്തരവ് പ്രകാരം 14-06-2001 മുതൽ 14-08-2001 വരെയുള്ള കാലയളവിൽ നെടുങ്കപ്രയിലെ സെന്റ് ആന്റണീസ് യുപിഎസിൽ ലോവർ ഗ്രേഡ് എഫ്.ടി.ഹിന്ദി പണ്ഡിറ്റായി ഹർജിക്കാരി ആദ്യമായി നിയമിതയായി.പെരുമ്പാവൂർ എ.ഇ.ഒ. 04-09-2001 ലെ ഉത്തരവ് നം.സി-3023/01/കെ.ഡിസ് പ്രകാരം പ്രസ്തുത നിയമനം അംഗീകരിച്ചു. തുടർന്ന്, കോർപ്പറേറ്റ് മാനേജരുടെ 20-10-2004 ലെ നിയമന ഉത്തരവ് പ്രകാരം, 30-01-2004 മുതൽ 25-02-2005 വരെയുള്ള കാലയളവിൽ ആരക്കുഴ സെന്റ് മേരീസ് എച്ച്എസ്എസിൽ എച്ച്.എസ്.എ (ഹിന്ദി) ആയി ഹർജിക്കാരിയെ നിയമിച്ചു. 31-08-2005 ലെ ഉത്തരവ് നമ്പർ H2/91954/04/കെ.ഡിസ് വഴി മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫിസർ പ്രസ്തുത നിയമനം അംഗീകരിച്ചു. തുടർന്ന്, 03-06-2013 ലെ നിയമന ഉത്തരവ് പ്രകാരം 03-06-2013 മുതൽ 31-03-2013 വരെ കല്ലൂർക്കാട് സെന്റ് ഓസ്റ്റിൻസ് എച്ച്എസ്എസിൽ എൽജി ഹിന്ദി പണ്ഡിറ്റ് (എഫ്.ടി) ആയി അവരെ നിയമിച്ചു. മുകളിൽ പറഞ്ഞ നിയമനം DEO തന്റെ ഉത്തരവ് നമ്പർ B1/3442/2013/കെ.ഡിസ് തീയതി 06.01.2015 പ്രകാരം നിരസിച്ചു. ശ്രീമതി ദ്രിബിജ ജോൺസൺ, എച്ച്.എസ്.എ.യുടെ അവധി ഒഴിവിനെതിരെ 02-06-2014 മുതൽ 15-09-2014 വരെ കാളിയാർ എസ്.എം.എച്ച്.എസ്.എസിൽ എച്ച്.എസ്.എ.(ഹിന്ദി) ആയി ഹർജിക്കാരിയെ പിന്നീട് നിയമിച്ചു. 17-11-2022 ലെ ബി2/39642/2022/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം തൊടുപുഴ ഡി.ഇ.ഒ. ഈ നിയമനത്തിനുള്ള അംഗീകാരം നിരസിച്ചു. തുടർന്ന് 29-09-2014 ലെ നിയമന ഉത്തരവ് പ്രകാരം മാർത്തക്കുട്ടി പി.എമ്മിന്റെ കമ്മ്യൂറ്റഡ് ലീവ് ഒഴിവിലേക്ക് 29-09-2014 മുതൽ 18-12-2014 വരെ കാളിയാർ എസ്.എം.എച്ച്.എസ്.എസിൽ എച്ച്.എസ്.എ (ഹിന്ദി) ആയി ഹർജിക്കാരിയെ നിയമിച്ചു. 07/11/2022 ലെ ഉത്തരവ് ബി2/39643/2022 പ്രകാരം പ്രായപരിധി കൂടുതലാണെന്ന് ചൂണ്ടിക്കാട്ടി ഡിഇഒ മേൽപ്പറഞ്ഞ നിയമനം നിരസിച്ചു. മേമടങ്ങ് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിലെ സീനിയറായ യുപിഎസ്ടി ഡാർലി ജോർജിന്റെ സ്ഥാനക്കയറ്റ ഒഴിവിലേക്ക് CS/23/2015 നമ്പർ നിയമന ഉത്തരവ് പ്രകാരം 01-06-2015 മുതൽ 31-03-2016 വരെയായിരുന്നു അവരുടെ തുടർന്നുള്ള നിയമനം. ഇത് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളാണ്. 07-09-2023 ലെ ഉത്തരവ് നമ്പർ B1/43212/2022 പ്രകാരം ദിവസവേതന അടിസ്ഥാനത്തിൽ മുവാറ്റുപുഴ ഡിഇഒ ഇത് അംഗീകരിച്ചു. തുടർന്ന് 22-10-2018 മുതൽ 05/12/2018 വരെയുള്ള കാലയളവിൽ ദിവസവേതന അടിസ്ഥാനത്തിൽ ഊന്നുകൽ എൽ.എഫ്. എച്ച്.എസ്.എസിൽ എൽ.ജി എച്ച്.പി. (FT) ആയി അവരെ നിയമിച്ചു ഇത് കോതമംഗലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 06/03/2023 ലെ ഉത്തരവ് നമ്പർ B4/41327/2022 പ്രകാരം അംഗീകരിച്ചു. ഇത് മതിയായ എണ്ണം കുട്ടികളുള്ള സ്കൂളാണ്. പിന്നീട്, വീണ്ടും, ന്യായപ്പള്ളി SAUPS-ൽ 04/07/2019 മുതൽ 31/03/2020 വരെയുള്ള നിയമനം കോതമംഗലം AEO, 26/04/2022-ലെ C/25630/2022 നമ്പർ ഉത്തരവ് പ്രകാരം ദിവസവേതന അടിസ്ഥാനത്തിൽ അംഗീകരിച്ചു ഇത് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളാണ്. G.O. (Rt) No. 1957/2021/G.Edn-ലും 26/02/2021- G.O.(Rt) No.1957/2021/G.Edn-ലും വിവക്ഷിക്കുന്ന പ്രകാരം കോവിഡ് 2019 കാലയളവിൽ അവർക്ക് ദിവസവേതനത്തിൽ ശമ്പളം ലഭിക്കേണ്ടതാണെന്നു ബോധിപ്പിക്കുന്നു. ഹർജിക്കാരി 04/07/2019 മുതൽ 2021 ഓഗസ്റ്റ് 1 വരെ

അവിടെ ജോലി ചെയ്തിട്ടുണ്ട്. ഇത് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളാണ് തുടർന്ന്, കോർപ്പറേറ്റ് മാനേജരുടെ 02-08-2021 ലെ CS-92/2021 നമ്പർ നിയമന ഉത്തരവ് പ്രകാരം, ഒരു വിരമിക്കൽ ഒഴിവിലേക്ക് 02-08-2021 മുതൽ എംഎം യുപിഎസ് മീൻമുട്ടിയിൽ എൽജി. ഹിന്ദി പണ്ഡിറ്റ് (ഫുൾ ടൈം) ആയി ഹർജിക്കാരിയെ സ്ഥിരമായി നിയമിച്ചു . അവർ 02-08-2021 മുതൽ അവിടെ ജോലി ചെയ്തുവരുന്നു. 17/02/2024 ലെ CS/59267/2023 നമ്പർ ഉത്തരവ് പ്രകാരം AEO ഈ നിയമനം നിരസിച്ചു. അതിൻമേൽ സമർപ്പിച്ച അപ്പീൽ തൊടുപുഴ DEO. 13/09/2024 ലെ ഉത്തരവ് നമ്പർ B1/711734/2024 പ്രകാരം കെ-ടെറ്റ് പരീക്ഷ പാസാകുന്നതിന് വിധേയമായി അനുവദിച്ചു

ii) ഹർജിക്കാരിയെപോലെ തന്നെ സമാനസ്ഥിതിയിലുള്ള ചില അധ്യാപകർക്ക്, കെ-ടെറ്റ് പരീക്ഷയിൽ നിന്ന് സ്ഥിരമായ ഇളവ് ലഭിക്കുന്നതിനായി സർക്കാരിന് മുമ്പാകെ 25-06-2024-ന് അപേക്ഷ സമർപ്പിച്ചതായി കോർപ്പറേറ്റ് മാനേജർ തന്റെ CEAK/API/REV-RA/24-25 നമ്പർ കത്ത് വഴി അയച്ചു.ചില നിയമനങ്ങൾക്ക് ദിവസവേതന അടിസ്ഥാനത്തിൽ ഹർജിക്കാരിക്ക് ശമ്പളം നൽകിയിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു. വാസ്തവത്തിൽ, 20/08/2019 ലെ സർക്കുലർ നമ്പർ J3/80/2019/G.Edn വഴി നടപ്പിലാക്കിയ സിജി പി. ജോസ് vs കേരള സംസ്ഥാനം എന്ന കേസിന്റെ വിധിന്യായം അനുസരിച്ച് മതിയായ കുട്ടികളില്ലാത്ത സ്കൂളുകളിലെ റൂൾ 51എ ക്ലെയിം ഉള്ള ടീച്ചർമാർക്ക് ശമ്പള സ്കെയിലിൽ ശമ്പളം ലഭിക്കാൻ അർഹതയുണ്ട്. കൂടാതെ, ഹർജിക്കാരിയെ ചട്ടം 51A അവകാശവാദിയായി കണക്കാക്കേണ്ടതുണ്ട്. മേമടങ്ങ് സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽ 02/06/15 മുതൽ 31/03/16 -വരെയും സെന്റ് ആന്റണിസ് യു.പി.എസ് ഞായപ്പള്ളിയിയിൽ 04/07-2019 - മുതൽ 01-08-2021 വരെ മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളായ മേൽ സ്കൂളുകളിൽ ജോലിചെയ്തിട്ടുണ്ട്. ആ കാലഘട്ടത്തിലേക്ക് 20/08/2019 ലെ സർക്കുലർ നമ്പർ J3/80/2019/G.Edn അനുസരിച്ച് ശമ്പള സ്കെയിലിൽ അംഗീകാരവും ശമ്പളാനുകൂല്യങ്ങളും ലഭിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് 25-07-2012 തീയതിയിലെ G.O.(P) നമ്പർ 244/12/G.Edn പ്രകാരം K-TET നടപ്പാക്കി. പ്രസ്തുത തീയതിക്ക് മുമ്പ് ഹർജിക്കാരിയുടെ സേവനം അംഗീകരിച്ചിരുന്നു. അതിനാൽ 25-07-2012 തീയതിയിലെ G.O.(P) നമ്പർ 244/12/G.Edn ന്റെ ക്ലോസ് 2 ഹർജിക്കാരിക്ക് ബാധകമാണ്.

iii) മേമടങ്ങ് സെന്റ് സെബാസ്റ്റ്യൻ ഹൈസ്കൂളിൽ 02/06/15 മുതൽ 31/03/16-വരെയും (പ്രൊമോഷൻ ഒഴിവ്) സെന്റ് ആന്റണിസ് യു.പി.എസ് ഞായപ്പള്ളിയിയിൽ 4-7-2019 - മുതൽ 01-08-2021 വരെ യും (റിട്ടയർമെന്റ് ഒഴിവ്) മതിയായ കുട്ടികളില്ലാത്ത സ്കൂളുകളായതിനാൽ മതിയായ കുട്ടികളില്ലാത്ത സ്കൂളിലെ എൽ.ജി ഹിന്ദി പണ്ഡിറ്റിന്റെ ഒഴിവ് സ്ഥിരം പാർട്ട് ടൈം ഒഴിവാണെന്ന് കാണാൻ കഴിയും. അതിനാൽ 02-06-2015 മുതൽ തുടർച്ചയായി ശമ്പള സ്കെയിലിൽ അംഗീകാരത്തിന് അവർക്ക് അർഹതയുണ്ട്. കൂടാതെ 20/08/2019 ലെ സർക്കുലർ നമ്പർ J3/80/2019/G.Edn-ൽ നിർദേശിച്ചിരിക്കുന്ന പ്രകാരം അധ്യാപകർക്ക് ലഭ്യമായ എല്ലാ അലവൻസുകൾക്കും അവർ അർഹയാണ്. ഇതെല്ലാം വ്യക്തമാക്കി. 20.11.2024 ലെ നിവേദനത്തിലൂടെ അവർ സർക്കാരിനെ സമീപിച്ചു. അതിനു ശേഷം ബഹു.ഹൈക്കോടതി മുമ്പാകെ WPC 1584/2025 ഫയൽ ചെയ്തു. പരിതപിതമായ ഈ സാഹചര്യത്തിൽ പരാതിക്കാരിക്ക് ഈ ബഹുമാനപ്പെട്ട സർക്കാരിനെ സമീപിക്കുകയല്ലാതെ മറ്റ് ഫലപ്രദമായ മറ്റ് മാർഗമില്ല എക്സിബിറ്റ് P.4. P-6, P-8, P-12 എന്നിവ വളരെ ഏകപക്ഷീയവും തികച്ചും നിയമവിരുദ്ധവുമാണ്. അവ സ്വാഭാവിക നീതിയുടെ തത്വങ്ങളുടെ ലംഘനമായി പുറപ്പെടുവിച്ചിരിക്കുന്നു നീതിയുടെ താൽപ്പര്യം പരിഗണിച്ച് ഈ വിഷയത്തിൽ ബഹുമാനപ്പെട്ട

സർക്കാരിന്റെ ഇടപെടൽ ആവശ്യമാണ്. ചട്ടം 51 A സ്റ്റാറ്റസിന് അനുസൃതമായി ഹർജിക്കാരിയുടെ അവകാശവാദങ്ങൾ അംഗീകരിച്ചുകൊണ്ട് പുനർനിയമനങ്ങൾ അനുവദിച്ചുകൊണ്ടിരുന്നു. 2012 ന് മുമ്പ് അവർക്ക് അംഗീകൃത നിയമനവും അംഗീകാരവും ലഭിച്ചിട്ടുണ്ട്. അതിനാൽ, എക്സിബിറ്റ് 16 ന്റെ ക്ലോസ് 2 പ്രകാരം നിയമന അംഗീകാരത്തിനായി K-TET യോഗ്യതകൾ നിർബന്ധിക്കുന്നതിൽ യാതൊരു ന്യായീകരണമില്ല.കഴിഞ്ഞ വർഷങ്ങളിൽ അംഗീകൃത സേവനം ലഭിച്ച അധ്യാപകരുടെ കാര്യത്തിൽ സർക്കാർ ഉയർന്ന പ്രായപരിധി ഇളവ് അനുവദിച്ചിട്ടുണ്ട്. 06.02.2021 ലെ G.O.(P).No.4/2021/GEDN പ്രകാരം നൽകുന്ന അത്തരം ആനുകൂല്യങ്ങൾ ഹർജിക്കാരിക്ക് നിയമപരമായി നിഷേധിക്കാൻ കഴിയില്ല. ഈ വിഷയത്തിന്റെ ഏത് വീക്ഷണകോണിൽ നിന്നും നോക്കിയാലും, എക്സിബിറ്റുകൾ P-3.P-5.P-7. P-11 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹർജിക്കാരിയുടെ നിയമനം ശമ്പള സ്കെയിലിൽ അംഗീകരിക്കപ്പെടാൻ ബാധ്യസ്ഥമാണ്.

iv). മേൽ സാഹചര്യത്തിൽ പരിതപിതയായ ഹരജിക്കാരിയുടെ ആവലാതി പരിഹരിക്കാൻ KER Rule 3 Chapter 1 KER പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച് മാനുഷിക പരിഗണന നൽകി ചുവടെ ചേർത്തിരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കണമെന്ന് ആദരപൂർവം അപേക്ഷിക്കുന്നു.

i) എക്സിബിറ്റുകൾ P-4. P-6. P-8. P-12 എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ആവശ്യപ്പെടുകയും അവയുടെ ഒറിജിനൽ റദ്ദാക്കുകയും ചെയ്യുക.

(ii) എക്സിബിറ്റുകൾ P-3. P-6. P-7. P-10. P-11. എന്നിവയിൽ ഉൾപെടുത്തിയിട്ടുള്ള തന്റെ നിയമനങ്ങൾക്ക് ശമ്പള സ്കെയിലിൽ അംഗീകാരം ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ടെന്ന്പ്രഖ്യാപിക്കുക.

(iii) ഹർജിക്കാരിക്ക് 2012നു മുമ്പ് അംഗീകൃത സേവനം ഉള്ളതുകൊണ്ട് എക്സിബിറ്റ് 16 ന്റെ ക്ലോസ് 2 പ്രകാരം കെ-ടെറ്റ് ഇളവിനു ഹരജിക്കാരിക്ക് അർഹതയുണ്ടെന്നു പ്രഖ്യാപിക്കുക.

iv) എക്സിബിറ്റുകൾ P-3, P-5, P-7, P-10. P-11. P-12 എന്നിവയ്ക്ക് ശമ്പള സ്കെയിലിൽ അംഗീകാരം നൽകാൻ വിദ്യാഭ്യാസ അധികാരികൾക്കു ആവശ്യമായ ഉത്തരവ് അല്ലെങ്കിൽ നിർദേശം പുറപ്പെടുവിക്കുക.

3) **<u>നേരിൽ കേട്ട വേളയിൽ കോർപ്പറേറ്റ് മാനേജർ ചുവടെ ചേർക്കും പ്രകാരം വാദിച്ചു</u>**.

ശ്രീമതി ഷൈനി തോമസിനെ തൊടുപുഴ വിദ്യാഭ്യാസ ഉപജില്ലയിൽപ്പെട്ട മീൻമുട്ടി എം.എം. യു. പി. സ്കൂളിൽ 02/08/2021 മുതൽ എൽ.ജി. ഹിന്ദി (എഫ്.റ്റി) തസ്തികയിൽ നിയമിച്ചുവെങ്കിലും ഇനിയും അംഗീകാരം ലഭിച്ചിട്ടില്ല. കോതമംഗലം രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള നെടുങ്ങപ്ര സെന്റ് ആന്റണീസ് യു.പി.എസിൽ എൽ.ജി. ഹിന്ദി (എഫ്.റ്റി) അധ്യാപികയായി 14/06/2001 മുതൽ 14/08/2001 വരെയുള്ള കാലയളവിൽ പെരുമ്പാവൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പ്രകാരം അംഗീകൃത സേവനം ഉള്ളതിനാൽ 51 (എ) അവകാശം ലഭിച്ചിട്ടുണ്ടായിരുന്നു. തുടർന്ന് മതിയായ എണ്ണം കുട്ടികൾ ഉള്ള

സ്കൂളുകളിൽ ഒഴിവുണ്ടാകുന്നതുവരെ ഹർജ്ജിക്കാരിയെ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത വിവിധ സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ കെ-ടെറ്റ് നേടുന്നതിന് താൽക്കാലിക ഇളവ് നൽകിയിട്ടുണ്ടായിരുന്നു. പിന്നീട് ടിയാളുടെ 02/08/2021-ലെ പുനഃനിയമനം 17/06/2005 -നു ശേഷമായതിനാൽ കുറഞ്ഞത് ഒരു അക്കാദമിക് വർഷത്തെ സേവനം ഇല്ലാത്തതിനാൽ ചട്ടം 51 (എ) അവകാശിയായി കണക്കാക്കുവാൻ കഴിയില്ലെങ്കിലും മാനേജർ പുതിയ നിയമനം നൽകിയിട്ടുണ്ടെങ്കിൽ ഉയർന്ന പ്രായപരിധി യിൽ ഇളവ് നൽകാവുന്നതാണെന്ന് വ്യക്തമാക്കിയതിനാലാണ് 06/02/2021-ലെ സ.ഉ.(പി) നം.4/2001/പൊ.വി.വ. പ്രകാരം നിയമനം നൽകിയത്. എന്നാൽ ഈ നിയമന സമയത്ത് കെ-ടെറ്റ് നേടുന്നതിനുള്ള താൽക്കാലിക ഇളവ് അവസാനിച്ചിരുന്നു. 51 (എ) അവകാശം സിദ്ധിച്ചവർക്ക് ഉയർന്ന പ്രായപരിധിയിലും കെ-ടെറ്റ് യോഗ്യത നേടുന്നതിലും ഇളവ് ഉണ്ടെന്ന ധാരണയിലാണ് ടിയാൾക്ക് 02/08/2021 മുതൽ മീൻമുട്ടി എം.എം. യു.പി.എസിൽ എഫ്.റ്റി. എൽ.ജി. ഹിന്ദി തസ്തികയിൽ സ്ഥിര നിയമനം നൽകിയത്. കെ-ടെറ്റ് യോഗ്യതയിലും ഇളവ് നൽകിയാൽ മാത്രമേ വയസ്സിളവ് നൽകിയതിന് പ്രയോജനം ലഭിക്കുകയുള്ളു. 01/06/2012 ന് മുമ്പ് നിയമനാംഗീകാരം ലഭിച്ചിട്ടുള്ളവർക്ക് ചട്ടം 51 (എ) അവകാശിയെന്ന നിലയിൽ കെ.ടെറ്റ് നേടുന്നതിൽ നിന്നും ഇളവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ടിയാളുടെ പുനഃനിയമനങ്ങൾ 01/06/2012-നു ശേഷമായതിനാൽ ചട്ടം 51 (എ) അവകാശിയായി കണക്കാക്കാത്തതിനാൽ കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും ഇളവ് നൽകിയിട്ടില്ല. ആയതിനാൽ തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 13/09/2024-ൽ അപ്പീൽ അനുവദിച്ച് പുറപ്പെടുവിച്ച ബി1/711734/2024 നമ്പർ ഉത്തരവിലും കെ. ടെറ്റ് യോഗ്യത നേടുന്ന മുറയ്ക്ക് മാത്രം നിയമനാംഗീകാരം നൽകുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. അതിനാലാണ് ഹർജ്ജിക്കാരിയായ ശ്രീമതി ഷൈനി തോമസ് കെ-ടെറ്റ് യോഗ്യത നേടുന്നതിൽ നിന്നും സ്ഥിരമായി ഇളവ് ലഭിക്കുവാനായി ബഹു. സർക്കാരിന്റെ മുമ്പാകെ അപേക്ഷിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ കെ.ഇ.ആർ അധ്യായം 01 ചട്ടം (03) പ്രകാരം ബഹു. സർക്കാരിന്റെ സവിശേഷമായ അധികാരം വിനിയോഗിച്ച് വിരമിക്കുവാൻ കേവലം 04 വർഷം മാത്രമുള്ള ടിയാൾക്ക് പ്രത്യേക പരിഗണന നൽകി കെ-ടെറ്റിൽ നിന്നും സ്ഥിരം ഇളവ് അനുവദിക്കുവാൻ വിനയപൂർവ്വം അഭ്യർത്ഥിച്ചുകൊള്ളുന്നു.

4) <u>നേരിൽ കേട്ട വേളയിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.</u>

മീൻമുട്ടി എം എം യു പി എസിൽ എൽ ജി ഹിന്ദി (ഫുൾ ടൈം) ആയിരുന്ന ശ്രീമതി ഷീന അലക്സിന്റെ എച്ച് എസ് റ്റി ഹിന്ദി ആയുള്ള പ്രൊമോഷൻ ഒഴിവിൽ, ശ്രീമതി ഷൈനി തോമസിനെ എൽ ജി ഹിന്ദി (ഫുൾ ടൈം) ആയി 2/8/2021 മുതൽ ഒഴിവുള്ളിടത്തോളം വരെ ശമ്പളസ്കെയിലിൽ നിയമിച്ചുകൊണ്ട് അംഗീകാരത്തിനായി മാനേജർ അപേക്ഷ സമർപ്പിക്കുകയും

ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും സി/18263/2021 തീയതി 24/8/2021 പ്രകാരം നിരസിച്ച് നല്കുകയും ചെയ്തു. പിന്നീട് മാനേജർ ശ്രീമതി ഷൈനി തോമസിന്റെ നിയമനം ശ്രീമതി മേരി മാത്യുവിന്റെ 31/3/2019 -ലെ വിരമിക്കൽ ഒഴിവിൽ മാറ്റി നിയമിച്ചുകൊണ്ട് അപേക്ഷ പുനർസമർപ്പിക്കുകയുണ്ടായി. ടി സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ളതും പുതിയതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെട്ടതുമാണ്. 2019-20 വർഷത്തിൽ ടി സ്കൂളിൽ 1 എൽ ജി ഹിന്ദി (പാർട്ട് ടൈം) തസ്തിക അനുവദിച്ചിട്ടുണ്ട്.ശ്രീമതി ഷൈനി തോമസ് കെ - ടെറ്റ് യോഗ്യത നേടിയിരുന്നില്ല. കൂടാതെ ടിയാളുടെ ജനനത്തീയതി 3/5/1969 ആണ്. നിയമനത്തീയതിയിൽ പുതിയ നിയമനത്തിനുള്ള പ്രായപരിധി കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ ടി നിയമനാംഗീകാര അപേക്ഷ ഉത്തരവ് നമ്പർ സി/59637/2023 തീയതി 17/2/2024 പ്രകാരം നിരസിക്കുകയുണ്ടായി. പിന്നീട് മാനേജർ തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയത്തിൽ അപ്പീൽ സമർപ്പിക്കുകയും ഉത്തരവ് നമ്പർ ബി1/711734/2024 തീയതി 13/9/2024 പ്രകാരം തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയത്തിൽ നിന്നും ശ്രീമതി ഷൈനി തോമസിന്റെ നിയമനാംഗീകാര അപ്പീൽ അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടി ഉത്തരവിൽ നിയമിത കെ-ടെറ്റ് യോഗ്യത നേടിയെന്ന് ഉറപ്പുവരുത്തിയതിനുശേഷം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനാംഗീകാരം നല്കാവുന്നതാണെന്ന് നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ടിയാൾ ഇതുവരെ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ല. 2019-2020 വർഷം വരെ നിയമിതരായ അധ്യാപകർക്ക് GO (MS) നമ്പർ 133/2024/പൊ.വി.വ. തീയതി 5/11/2024 പ്രകാരം മെയ് 2025 ലെ പ്രത്യേക പരീക്ഷയുടെ ഫലപ്രഖ്യാപന തീയതി വരെ ഇളവ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ഇളവിന് 2/8/2021 -ൽ എൽ ജി ഹിന്ദി ( ഫുൾ ടൈം) ആയി മാനേജർ നിയമിച്ച ശ്രീമതി ഷൈനി തോമസിന് അർഹതയില്ല.

5) നേരിൽ കേട്ട വേളയിൽ ഉന്നയിച്ച വാദഗതികളുടെയും, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ വിഷയം പരിശോധിച്ചു. ഇടുക്കി, മീൻമുട്ടി എം എം യു പി എസിൽ എൽ ജി ഹിന്ദി (ഫുൾ ടൈം) ആയിരുന്ന ശ്രീമതി ഷീന അലക്സിന്റെ എച്ച് എസ് റ്റി ഹിന്ദി ആയുള്ള പ്രൊമോഷൻ ഒഴിവിൽ, ഹർജിക്കാരിയായ ശ്രീമതി ഷൈനി തോമസിനെ എൽ ജി ഹിന്ദി (ഫുൾ ടൈം) ആയി 2/8/2021 മുതൽ ഒഴിവുള്ളിടത്തോളം വരെ ശമ്പളസ്കെയിലിൽ നിയമിച്ചുകൊണ്ട് അംഗീകാരത്തിനായി മാനേജർ അപേക്ഷ സമർപ്പിക്കുകയും ടി നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് നല്കുകയും ചെയ്തു. പിന്നീട് മാനേജർ ഹർജിക്കാരിയുടെ നിയമനം ശ്രീമതി മേരി മാത്യുവിന്റെ 31/3/2019 -ലെ വിരമിക്കൽ ഒഴിവിൽ മാറ്റി നിയമിച്ചുകൊണ്ട് അപേക്ഷ പുനർസമർപ്പിക്കുകയുണ്ടായി. ടി സ്കൂൾ മതിയായ എണ്ണം കുട്ടികളുള്ളതും പുതിയതായി ആരംഭിച്ച സ്കൂളുകളുടെ ഗണത്തിൽപ്പെട്ടതുമാണ്. 2019-20 വർഷത്തിൽ ടി സ്കൂളിൽ 1 എൽ ജി ഹിന്ദി (പാർട്ട് ടൈം) തസ്തിക അനുവദിച്ചിട്ടുണ്ട്. ഹർജിക്കാരിയുടെ ജനനത്തീയതി 3/5/1969 ആണ്. നിയമനത്തീയതിയിൽ പുതിയ നിയമനത്തിനുള്ള പ്രായപരിധി കഴിഞ്ഞിട്ടുണ്ട്. ടിയാൾ ഇതുവരെ കെ- ടെറ്റ് യോഗ്യത

നേടിയിട്ടില്ല എന്നതിനാൽ ഇളവിന് അർഹതയില്ല എന്ന് വിദ്യാഭ്യാസ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) 13.01.2026 ലെ സ.ഉ.(കൈ)നം.5/2026/പൊവിവ പ്രകാരം കെ-ടെറ്റ് കാറ്റഗറി III യോഗ്യത നേടിയവരെ ഹൈസ്കൂൾ അധ്യാപക നിയമനങ്ങൾക്ക് പരിഗണിച്ചാൽ മതിയാകും എന്ന ഉത്തരവായിട്ടുണ്ട്. എന്നാൽ ഹർജിക്കാരി ഇതുവരെ കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാൽ , Ext.P17 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ടും, അപ്രകാരം പരാമർശം (1) വിധിന്യായം പാലിച്ചു കൊണ്ടും ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മൂവാറ്റുപുഴ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൊടുപുഴ
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൊടുപുഴ
മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, കോതമംഗലം രൂപത, എറണാകുളം - 686691
ശ്രീമതി.ഷൈനി തോമസ്, എൽ.ജി. ഹിന്ദി പണ്ഡിറ്റ് (ഫുൾടൈം), എം.എം. യു.പി.എസ് മീൻമുട്ടി, തൊടുപുഴ, കലയന്താനി, ഇടുക്കി - 685 588
ഹെഡ്മാസ്റ്റർ, എം.എം. യു.പി.എസ് മീൻമുട്ടി, തൊടുപുഴ, ഇടുക്കി - 685 588
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 29-01-2026 11:38:47